# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 07/2024
# 28.09.2024 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. വയനാട് ദുരിതാശ്വാസ ഫണ്ട് / സാലറി ചലഞ്ച്
6. യൂണിറ്റ് വിസിറ്റ്
7. പ്രവർത്തക ക്യാമ്പ്
8. പ്ലെയ്സ്മെന്റുകൾ, ഡി.എ.
9. നാലുവർഷ ബിരുദ കോഴ്സ്
10. ഐഫെക്ടോ പ്രക്ഷോഭം
11. വിവിധ സബ്കമ്മറ്റികൾ
12. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം.കെ, ഡോ. വിനു ഭാസ്കർ, സന്തോഷ് ടി വർഗ്ഗീസ്, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, ശശി സി. ടി., ഡോ. എസ്. എസ്. വിവേകാനന്ദൻ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ശരത്. എസ്, സോബിൻ വർഗ്ഗീസ് എം. വി., ഡോ. വിഷ്ണു വി. എസ്, ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. എം. എ. അസ്ക്കർ, ഡോ. സുനിൽ രാജ്, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. ഷാനവാസ് പി. എച്ച്, ഡോ. കെ. റഹീം, സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സി. വി. ഷാജി, ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. ബേബി ഷീബ സി. പി., ഡോ. സെനോ ജോസ്, ഡോ. രജിത സി. ആർ, ഡോ. ആനന്ദ് ടി. എ., ഡോ. മാണിക്യ രാജ് കെ., ഡോ. രഞ്ജിത് മോഹൻ, ഡോ. സഞ്ജയ് കുമാർ എസ്., ഡോ. മുഹമ്മദ് ബഷീർ, സുശാന്ത് പി., ഡോ. ജിനീഷ്. പി. എസ്.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സി.പി.ഐ.(എം) ജനറൽ സെക്രട്ടറി സ.സീതാറാം യെച്ചൂരിയുടെ വിടവാങ്ങൽ രാജ്യത്തെ പുരോഗമന, മതേതര രാഷ്ട്രീയത്തിനാകെ കനത്ത നഷ്ടമാണ്. രാജ്യത്തെ രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങളെ ജനകീയ മുന്നേറ്റങ്ങൾക്കായി പാകപ്പെടുത്താനുള്ള രാഷ്ട്രീയവും, സംഘടനാപരവുമായ ഉത്തരവാദിത്തം ദാർശനിക വ്യക്തതയോടെ നിർവ്വഹിച്ച നേതാവായിരുന്ന സ.സീതാറാം യെച്ചൂരി, സി.പി.ഐ.(എം) മുൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും, ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും, ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും വിലപ്പെട്ട സംഭാവന നൽകിയ  സമുന്നത നേതാവുമായ സ. എം. എം. ലോറൻസ്.

പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ. മോഹനൻ, യുവനടൻ നിർമ്മൽ ബെന്നി, കവിയും ഗ്രന്ഥകാരനും രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകനുമായ കൈനകരി സുരേന്ദ്രൻ, പ്രമുഖ ചലച്ചിത്ര താരം കവിയൂർ പൊന്നമ്മ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

വയനാട് ദുരിതാശ്വാസ നിധി സമാഹരണം നമ്മൾ എത്രയും വേഗം പൂർത്തീകരിക്കണം. ആ ഇനത്തിൽ നമ്മൾ നാൽപ്പത് ലക്ഷം രൂപ സമാഹരിച്ചു. മുഖ്യമന്ത്രിയുടെ സാലറി ചലഞ്ചിൽ നമ്മുടെ 74% അംഗങ്ങൾ പങ്കെടുത്തു. പരമാവധി അംഗങ്ങളെ ഇതിന്റെ ഭാഗമാക്കാനുള്ള ഇടപെടൽ നമ്മൾ നടത്തണം. വനിതാസബ് കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 22ന് ഓൺലൈനായി നടന്നു. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ദേശീയ വൈസ് പ്രസിഡന്റ് സ.യു.വാസുകി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ അംഗങ്ങളുടെ നല്ല പങ്കാളിത്തം ഉണ്ടായി. മഹാരാജാസ് കോളേജ് രാജ്യത്തെ മികച്ച സർക്കാർ സ്വയംഭരണ കോളേജ് എന്ന പദവി നേടിയിരിക്കുന്നു. മഹാരാജാസ് കോളേജിന്റെ ഈ നേട്ടം ഏറെ അഭിമാനകരം. ഇതിനായി മഹാരാജാസിനെ പാകപ്പെടുത്തിയ നമ്മുടെ ജനകീയ സർക്കാർ, മഹാരാജാസിലെ നമ്മുടെ അധ്യാപകർ, വിദ്യാർത്ഥികൾ, പൊതുസമൂഹം എല്ലാവരേയും സംസ്ഥാന പ്രവർത്തക സമിതിക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു.

പ്ലെയ്സ്മെന്റ് നടപടികൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. 2024 ജൂലൈ മാസത്തിൽ നൽകിയ അപേക്ഷകളുടെ പരിശോധന ഉടനെ നടത്തുന്നതാണ്. മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി എത്രയും വേഗം രൂപീകരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും. പ്രിൻസിപ്പൽ നിയമന നടപടികൾ ആരംഭിക്കുവാൻ ആവശ്യമായ നിയമ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നു. എയ്ഡഡ് സർവ്വീസ് അസോസിയേറ്റ് പ്രൊഫസർ പ്രൊമോഷനിൽ ഉൾപ്പെടെ പരിഗണിക്കുന്നതിനാവശ്യമായ സംഘടനാ ഇടപെടൽ നടത്തിവരുന്നു. പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ചുപിടിക്കുന്ന വിഷയം പരിശോധിക്കുവാൻ സർക്കാർ കമ്മറ്റി വെച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ഡി.എ. ലഭിക്കുമ്പോൾ നമ്മൾക്കും ലഭിക്കുവാൻ സംഘടന കത്ത് നൽകിയിട്ടുണ്ട്.

യൂണിറ്റ് വിസിറ്റുകൾ എത്രയും പൂർത്തീകരിക്കണം. നാലുവർഷ യു.ജി. നടപ്പാക്കുമ്പോൾ ഉള്ളവർക്ക് ലോഡിന്റെ ചർച്ച നടന്നു. മൂന്നാർ കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിൽ ധാരണ ആയിട്ടുണ്ട്. ട്രാൻസ്ഫർ നോംസ് വിഷയത്തിൽ മന്ത്രിയുമായി ചർച്ച നടന്നു, അനുകൂല തീരുമാനം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. റൂസാ കോളേജ് ആരംഭിക്കുന്നതിന്റെ കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. ശാന്തൻപാറ, തഴവാ, ഇലന്തൂർ, കൊടുവള്ളി കോളേജുകളുടെ കെട്ടിട നിർമ്മാണം, ഇപ്പോൾ നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും. കേന്ദ്രസർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഐഫെക്ടോയുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികൾ സംസ്ഥാനത്ത് നല്ല രീതിയിൽ സംഘടിപ്പിക്കണം.നാലു വർഷ ഡിഗ്രി കോഴ്സ് സംബന്ധിച്ച് പ്രശ്ന പരിഹാര സമിതിയുമായി സംഘടന പ്രാഥമിക ചർച്ച നടത്തി. ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്ന കാര്യം ഇന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ വയനാട് ദുരിതാശ്വാസ നിധി സമാഹരണവും, മുഖ്യമന്ത്രിയുടെ സാലറി ചലഞ്ചും വിജയിപ്പിക്കാൻ ആവശ്യമായ ഇടപെടൽ നടത്തണം.
2. കണ്ണൂർ സർവകലാശാല മേഖലയിലെ അക്കാദമിക് വിഷയങ്ങൾ സംഘടന വി.സിയുമായി ചർച്ച ചെയ്ത് പരിഹരിക്കുവാൻ ഉടൻ ഇടപെടും
3. സംഗീത കോളേജ് അധ്യാപകരുടെ സർവീസ് വിഷയങ്ങൾ പഠിക്കാനുള്ള കമ്മറ്റി രൂപീകരിച്ച് എത്രയും വേഗം ഉത്തരവ് ഇറക്കാൻ വേണ്ട ഇടപെടൽ നടത്തും.
4. ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ നിയമനം/ ബി.എഡ്. കോളേജ് സീറ്റ് വർദ്ധനവ് തുടങ്ങിയ വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
5. എഞ്ചിനീയറിംഗ് കോളേജുകളിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളുടെ വർക്ക് ലോഡു വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തും.
6. കാലിക്കറ്റ് സർവ്വകലാശാല അകാരണമായി ഫൈൻ ഏർപ്പെടുത്തിയ വിഷയത്തിൽ സംഘടന ഇടപെടും.
7. നാലുവർഷ ഡിഗ്രി കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനതല ചുമതലയുള്ള കേരള സർവ്വകലാശാല രജിസ്ട്രാർ ഡോ. അനിൽകുമാറുമായി സംഘടന ചർച്ച നടത്തും.
8. കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഐഫക്ടോ ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി 2024 ഒക്ടോബർ 4ന് യൂണിറ്റ്തല പ്രതിഷേധ പരിപാടി സംഘടിപ്പിക്കണം, ഒക്ടോബർ 19ന് കണ്ണൂർ, കാലിക്കറ്റ്, എം ജി സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് മേഖലാതല പ്രതിഷേധ പരിപാടി സംഘടിപ്പിക്കണം, സംസ്ഥാനതല പ്രക്ഷോഭ പരിപാടി നവംബർ 2ന് തലസ്ഥാനത്ത് സംഘടിപ്പിക്കണം. സംഘടനാ നേതൃത്വവും കേരള സർവ്വകലാശാല മേഖലയിലെ സംഘടനാ പ്രവർത്തകരും ആണ് ഈ പരിപാടിയിൽ പങ്കെടുക്കേണ്ടത്.
9. നവംബർ 19ന് ഡൽഹിയിൽ നടക്കുന്ന പാർലമെന്റ് മാർച്ചിൽ സംഘടനയുടെ സംസ്ഥാന ഭാരവാഹികളും, സിൻഡിക്കേറ്റ് അംഗങ്ങളും പങ്കെടുക്കും.
10. സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് നവംബർ 30, ഡിസംബർ 1 തീയ്യതികളിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
28-09-2024

ഡോ. മുഹമ്മദ് റഫീക് ടി.
ജനറൽ സെക്രട്ടറി